# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 30.09.2023മുതൽ 04.10.2023വരെ)

## കണ്ണൂർജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.എൻ.ആർ- 78/2023 | തീയ്യതി: 29/09/2023 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 120.9 | 30.3 – 33.2 | 23.8 – 25.8 | 73 – 98 | 01 - 04 |

### ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 30-09-2023 | 01-10-2023 | 02-10-2023 | 03-10-2023 | 04-10-2023 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 5 | 10 | 9 | 3 | 1 |
| കൂടിയതാപനില, °C | 30 | 31 | 32 | 32 | 31 |
| കുറഞ്ഞതാപനില, °C | 24 | 25 | 25 | 25 | 24 |
| കൂടിയആപേക്ഷികആർദ്രത, % | 95 | 95 | 95 | 95 | 95 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 4 | 4 | 4 | 3 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 200 | 200 | 230 | 270 | 270 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 7 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ട അതിശക്തമായ മഴ **** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും.<br>സെപ്റ്റംബർ 29 ന് (ഇരുപത്തിനാലു മണിക്കൂറിൽ 204.4മില്ലി വരെ) ഒറ്റപ്പെട്ട അതി ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.<br>സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 1 വരെ (ഇരുപത്തിനാലു മണിക്കൂറിൽ 115.5മില്ലി വരെ) ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്.<br>ഒക്ടോബർ 2നും,3നും ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തികുറഞ്ഞ മഴ(ഇരുപത്തിനാലുമണിക്കൂറിൽ 15.6 മില്ലിമുതൽ 64.4 മില്ലിവരെ) ലഭിക്കും. | | |

<table>
<tr><td><u>പൊതുനിർദ്ദേശങ്ങൾ</u></td><td colspan="3">എല്ലാ ജല നിർഗമന ചാലുകളും തുറക്കുക.<br><br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br><br>കന്നുകാലികൾക്ക് ആവശ്യമായ തീറ്റകൾ ശേഖരിച്ചു വെക്കുക.<br><br>വളം, വിത്ത്, തീറ്റകൾ എന്നിവ ഈർപ്പം താട്ടാത്ത ഉയർത്തിയ തറയിൽ സൂക്ഷിക്കുക. കരുതൽ ശേഖരമായി കുറച്ചു വിത്തുകൾ മാറ്റിവെക്കുക.<br><br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br><br>കന്നുകാലികളെ തുറന്ന സ്ഥലത്ത് കെട്ടിയിടുകയോ മേയാൻ അനുവദിക്കുകയോ ചെയ്യരുത്. അവയെ ശക്തി കുറഞ്ഞ മേൽ കൂരകൾക്കടിയിൽ പാർപ്പിക്കരുത്<br><br>കൃഷിയിടങ്ങളിൽ ജോലി ചെയ്യുന്നവർ മരത്തണലിലോ ബലക്ഷയം വന്ന കെട്ടിടങ്ങളിലോ വിശ്രമിക്കരുത്<br><br>വളമിടുക, വിതയ്ക്കുക, നടീൽ തുടങ്ങിയ കാർഷികവൃത്തികൾ കാലാവസ്ഥ അനുകൂലമാകുന്നത് വരെ കുറച്ചു ദിവസത്തേക്ക് മാറ്റിവെക്കുക.<br><br>അതി ശക്തമായ മഴയുണ്ടെങ്കിൽ കൃഷിപ്പണികൾ താത്കാലികമായി നിർത്തിവച്ചു ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദേശങ്ങൾ പാലിക്കുക.</td></tr>
<tr><td>നെല്ല്</td><td>വൈകി വിതച്ച ഒന്നാം വിള വിളയുന്ന ഘട്ടം</td><td colspan="2">പാടങ്ങളിൽ നിന്ന് വെള്ളം പൂർണമായും വാർത്തു കളയുക</td></tr>
<tr><td>നെല്ല്</td><td>രണ്ടാം വിള<br><br>പറിച്ചു നടുന്ന ഘട്ടം</td><td colspan="2">ഞാറ് പറിച്ചു നടുന്നതിനു തൊട്ടു മുമ്പേ വേര് പ്സ്യൂഡോമോണാസ് ലായനി)20ഗ്രാം പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ(ൽ അര മണിക്കൂർ മുക്കി വെക്കുക. ഇത് നെല്ല് കരുത്തോടെ വളരുന്നതിന് സഹായകമാകും.<br><br>മഴയില്ലാത്ത നേരത്തു വെള്ളം താഴ്ത്തി, പാടവരമ്പിലെ ജല നിർഗമന നാളികൾ അടച്ചതിനു ശേഷം, വളം ചെയ്യുക.<br><br>പറിച്ചുനടുന്ന സമയത്ത് മധ്യകാല മൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 900 ഗ്രാം മസൂറിഫോസ്, 150 ഗ്രാം പൊട്ടാഷ്-ഉം ഹ്രസ്വകാലമൂപ്പുള്ള ഇനങ്ങൾക്ക് സെന്റിന് 400 ഗ്രാം യൂറിയ, 700 ഗ്രാം മസൂറിഫോസ്, 120 ഗ്രാം പൊട്ടാഷ്-ഉം ചേർത്ത് കൊടുക്കണം.</td></tr>
<tr><td>നെല്ല്</td><td>വിവിധ ഘട്ടം</td><td>കുഴൽ പുഴു<br></td><td>കരി ഓയിലോ മണ്ണെണ്ണയോ മുക്കിയ ഒരു കയർ നെല്ലോലകളുടെ മുകളിലൂടെ വലിച്ചു പുഴുക്കളെ വെള്ളത്തിലേക്ക് തള്ളിയിട്ടു വെള്ളം വാർത്തു കളയുക. പാടത്തു വെള്ളം വാർത്തതിന് ശേഷം മണ്ണെണ്ണ 1 L / അറക്ക പൊടി/ 25 kg മണൽ ഒരേക്കറിലേക്ക് വിതറുക</td></tr>
</table>

| | | | |
|---|---|---|---|
| നെല്ല് | പറിച്ചുനട്ടയിടങ്ങൾ | ഓലചുരുട്ടിപുഴു  | ഓലചുരുട്ടിപുഴുആക്രമണംഉണ്ടെങ്കിൽമുള്ളുള്ളകമ്പുവലിച്ചുഓലചുരുളുകൾതുറക്കുക.<br>ആക്രമണംരൂക്ഷമാണെങ്കിൽമാത്രംഫ്ലുബാൻഡൈഅമൈഡ്39.35%SC @1 മില്ലി/10ലിറ്റർവെള്ളത്തിൽഎന്നതോതിൽകലർത്തിതളിച്ച്കൊടുക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | മഞ്ഞളിപ്പ്  | ഓരോ തെങ്ങിൻ തടത്തിലും 2കിഗ്രാം വീതം കുമ്മായം ചേർക്കുക.<br>രണ്ടാഴ്ച കഴിഞ്ഞു തെങ്ങൊന്നിന് തടത്തിൽ 200ഗ്രാം ബോറാക്സ്, 500ഗ്രാം മഗ്നീഷ്യം സൾഫേറ്റ്, 100ഗ്രാം സിങ്ക് സൾഫേറ്റ് എന്നിവ ചേർത്ത് മണ്ണുമായി യോജിപ്പിക്കുക. കൂടാതെ തെങ്ങൊന്നിന് രണ്ടു കിലോ വീതം പൊട്ടാഷും ചേർക്കുക. |
| കവുങ്ങ് | വിവിധ ഘട്ടം | മഹാളി  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക. |
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം  | മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| കുരുമുളക് | കായ്ക്കുന്ന സമയം | പൊള്ളു കീടവും രോഗവും  | മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക.<br>രോഗം കാണുകയാണെങ്കിൽ അഞ്ചു ലിറ്റർ വെള്ളത്തിനു ഹെക്സകൊണസോൾ കുമിൾ നാശിനി അഞ്ചു മില്ലിയും സൈഹാലോത്രിൻ മൂന്ന് മില്ലിയും വീതം ചേർത്ത് തയ്യാറാക്കിയ ലായനി തളിക്കുക |
| വാഴ | വിവിധ ഘട്ടം<br>(നേന്ത്രൻ വാഴ) | കട ചീയൽ  | മുൻകരുതലായി സ്ട്രെപ്റ്റോസൈക്ലിൻ ലായനി (@2ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ കോപ്പർ ഹൈഡ്രോക്സൈഡ് (@20ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ ) വാഴത്തടത്തിൽ കുതിർക്കുക |

| | | | |
|---|---|---|---|
| കശുമാവ് | കായ്ക്കുന്നതിനു മുൻപുള്ള ഘട്ടം | തേയില കൊതുക്  | ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ ഒരു ലിറ്ററിൽ 2 മില്ലി വീതം ക്വിനാൽഫോസ് ചേർത്ത് തളിക്കുക. |
| മഞ്ഞൾ/ഇഞ്ചി | വിവിധ ഘട്ടം | മൂടുചീയൽ  | നീർവാർച്ച സൗകര്യം ഏർപ്പെടുത്തുക. ബോർഡോ മിശ്രിതം 1 % തടത്തിൽ ഒഴിച്ച് കൊടുക്കുക |
| പശു/ആട് | വിവിധ ഘട്ടം | കുളമ്പിൽ പഴുപ്പ് | തൊഴുത്തിലും പുറത്തും വെള്ളം കെട്ടിനിൽകാതെ സൂക്ഷിക്കുക. അതോടൊപ്പം മൃഗങ്ങൾക്കു പൂർണ ശുചിത്ത്വം ഉറപ്പുവരുത്തുക. 0.2 % പൊട്ടാസിയം പെർമാംഗനേറ്റ് (2 ഗ്രാം പൊട്ടാസിയം പെർമാംഗനേറ്റ് 1 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച) ലായനി ഉപയോഗിച്ച് കുളമ്പുകൾ വൃത്തിയായി കഴുകി കോട്ടൺ തുണി ഉപയോഗിച്ച് തുടക്കുക. |
| പശു | വിവിധഘട്ടം | പാദ, വായ രോഗം   | അഫ്തോവൈറസ് അണുബാധ മൂലമുണ്ടാകുന്ന വളരെയേറെ പകരുന്ന രോഗമാണ് കാൽ, വായ് രോഗം. അണുബാധയുടെ ഫലമായി വായിലും ചുറ്റുപാടും കാലുകളിലും വെസിക്കുലാർ നിഖേദ് ഉണ്ടാകുന്നു, അതിന്റെ ഫലമായി ഒരു മൃഗം ഭക്ഷണം കഴിക്കാനോ നീങ്ങാനോ വിമുഖത കാണിക്കുന്നു. **പ്രതിരോധം:** വ്യക്തിഗത മൃഗങ്ങൾക്കും അവയുടെ പാർപ്പിടത്തിനും ചുറ്റുപാടുകൾക്കും ശുചിത്വ സാഹചര്യങ്ങൾ ഉറപ്പാക്കുക. ഹെൽത്ത് ടോണിക്കുകൾ അടങ്ങിയ വിറ്റാമിനുകളും ധാതുക്കളും അടങ്ങിയ തീറ്റകൾ നൽകിക്കൊണ്ട് കന്നുകാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുക. രോഗം വന്നാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ മരുന്ന് നൽകുക. |

**മഴ അപായവർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി